19/1/22.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No. 460(6)/2021** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.4162/*എസ്.ഐ.സി–ജി 5/2021*)

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 07.01.2022**

**ശ്രീ. സിബി ചാക്കോ,**
**പുത്തൻപുരയ്ക്കൽ (കമലാ നിവാസ്),**
**ചന്ദനക്കാവ്,**
**ആലപ്പുഴ – 688 011** — **അപ്പീൽ ഹർജിക്കാരൻ**

**Vs.**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
   **ജൂനിയർ സൂപ്രണ്ട് (കെ സെക്ഷൻ),**
   **മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം,**
   **മെഡിക്കൽ കോളേജ്,**
   **തിരുവനന്തപുരം – 695 011.**
2. **അപ്പീൽ അധികാരി &**
   **അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,**
   **മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം,**
   **മെഡിക്കൽ കോളേജ്,**
   **തിരുവനന്തപുരം – 695 011.**

— **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 23/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 31/12/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 09/02/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 12/03/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 24/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 24/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/05/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13/07/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 05/01/2022<br>ഗസ്റ്റ് ഹൗസ്, ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സിബി ചാക്കോ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ അപേക്ഷ നിയമപ്രകാരം നൽകിയ അപേക്ഷകൾക്ക് ഒന്നാം എതിർകക്ഷി ഒരേ മറുപടി തന്നെയാണ് നൽകിയതെന്നും ആയത് തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷിയ്ക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിലും ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമായില്ലെന്നും ആയതിനാൽ ടിയാന്റെ വിവരാവകാശ അപേക്ഷയിലെ ചോദ്യങ്ങൾക്ക് എല്ലാം മറുപടി നൽകാതിരിക്കുകയും നൽകിയ മറുപടി വ്യക്തമല്ലാതിരിക്കുകയും നിശ്ചിത സമയപരിധി കഴിഞ്ഞ് മറുപടി ലഭ്യമാക്കിയതിനും എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമ പ്രകാരമുള്ള നടപടി സ്വീകരിക്കണമെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 23.12.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) 28.09.2020 ൽ വിവരാവകാശ നിയമം 2005 പ്രകാരം പരാതിക്കാരൻ അയച്ച അപേക്ഷക്ക് അനുബന്ധമായി ആലപ്പുഴ ഗവ.മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിൽ നിന്നും അടിയന്തിര റിപ്പോർട്ടിനു വേണ്ടി അയച്ച കത്തിന്റെ പകർപ്പും

2) 28.09.2020 ൽ വിവരാവകാശ നിയമം 2005 പ്രകാരം അപേക്ഷ വച്ചപ്പോൾ മാത്രമായിരുന്നോ ആലപ്പുഴ ഗവ.മെഡിക്കൽ കോളേജ് ആശുപത്രിയിലെ ECG മെഷീൻ കളവു പോയതിനെ സംബന്ധിച്ച് ഡയറക്ടർ അറിയുന്നത് എന്നും

3) ആയതിന് ആലപ്പുഴ ഗവ.മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിൽ നിന്നും ലഭിച്ച അടിയന്തിര റിപ്പോർട്ടിന്റെ പകർപ്പ് എന്നിങ്ങനെ 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരന്റെ 23.12.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 31.12.2020 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 09.02.2021 ൽ രണ്ടാം എതിർകക്ഷി

മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീൽ 12.03.2021 ൽ തീർപ്പാക്കിയിട്ടു ള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 07.07.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരൻ പ്രസ്തുത അപേ ക്ഷയ്ക്ക് മുമ്പ് 28.09.2020 ൽ നൽകിയ അപേക്ഷയ്ക്ക് ടിയാന്റെ പരാതിയിൽ റിപ്പോർട്ടിനായി ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന് കത്ത് നൽകിയിട്ടുള്ളതാണെന്നും ആയതിനു മറുപടി ലഭ്യമാകുന്നതനുസരിച്ച് പരാതി യിൽ തുടർ നടപടി സ്വീകരിക്കുമെന്നറിയിച്ചു കൊണ്ട് ടിയാന് 22.10.2020 ൽ മറു പടി നൽകിയിട്ടുള്ളതാണെന്നും തുടർന്നാണ് ഹർജിക്കാരൻ 23.12.2020 ൽ കൂടു തൽ വിവരങ്ങൾ ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചതെന്നും എന്നാൽ ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനോട് ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യ മാകാത്തതിനാൽ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു കൊണ്ട് 31.12.2020 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടി തൃപ്തികരമല്ലെന്ന് ടിയാന്റെ ഒന്നാം അപ്പീലിൽ അറിയിച്ചിട്ടില്ലെന്നും, പരാതിയി ന്മേൽ റിപ്പോർട്ട് ലഭ്യമാകാത്തത് സംബന്ധിച്ച വിവരങ്ങളാണ് ടിയാൻ ആവശ്യ പ്പെട്ടിരുന്നതെന്നുമാണ്. ടിയാന്റെ ആദ്യത്തെ വിവരാവകാശ അപേക്ഷയ്ക്ക് മുമ്പ് ബഹു. മുൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ശ്രീ. ജി. സുധാക രൻ, ബഹു. മുൻ ആരോഗ്യ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ കത്തിന്റെ അടിസ്ഥാന ത്തിൽ 02.08.2020 ലാണ് ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പ ലിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടതെന്നും ആയതിനാൽ ടിയാന്റെ അപേക്ഷ ലഭിച്ച തിനു ശേഷമാണ് പ്രിൻസിപ്പലിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടത് എന്ന ടിയാന്റെ ആരോപണം വസ്തുതാ വിരുദ്ധമാണെന്നും ഇക്കാര്യം വിശദമാക്കികൊണ്ടാണ് ടിയാന്റെ അപ്പീൽ തീർപ്പാക്കിയതെന്നുമാണ്. കോവിഡ് 19 ന്റെ പ്രത്യേക സാഹ ചര്യത്തിൽ മാസങ്ങൾ നീണ്ട അടച്ചിടലിൽ ഓഫീസ് പ്രവർത്തനം മന്ദഗതിയിൽ ആയതിനാൽ ധാരാളം ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ സാധി ക്കാതെ വന്നുവെന്നും ആയത് അധിക ജോലി സമയം എടുത്ത് തീർപ്പുകൽപ്പി ക്കുകയും ചെയ്തു വരുന്നതായും ആയതിനാലാണ് സമയബന്ധിതമായി മറുപടി നൽകുന്നതിന് ഏതാനും ദിവസങ്ങളുടെ കാലതാമസം നേരിട്ടതെന്നും റിപ്പോർട്ടിൽ പറയുന്നു. കൂടാതെ ടിയാൻ അപേക്ഷയിൽ സൂചിപ്പിച്ച പരാതിയു

മായി ബന്ധപ്പെട്ട വിശദീകരണത്തിനായി 04.05.2021 ൽ സർക്കാരിലേക്ക് കത്ത് അയച്ചിട്ടുള്ളതായും റിപ്പോർട്ടിൽ പറയുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടികൾ തൃപ്തികരമല്ല എന്നാരോപിച്ചാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. 05.01.2022 ൽ കമ്മീഷൻ ആലപ്പുഴ ഗസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരൻ ഹിയറിംഗിൽ പങ്കെടുക്കുകയോ പങ്കെടുക്കാതിരുന്നതിനുള്ള കാരണമോ കമ്മീഷനിൽ അറിയിച്ചിരുന്നില്ല. ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി നൽകിയതായി കമ്മീഷൻ കാണുന്നില്ല. ആയതിനാൽ ഈ ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകം ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ ചോദ്യങ്ങൾക്ക് അക്കമിട്ട് വ്യക്തമായി മറുപടി നൽകേണ്ടതാണെന്നും ആ വിവരം കമ്മീഷനിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2022 ജനുവരി മാസം 7-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm